**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3581 — 19.02.2013 ലെ മറുപടിയ്ക്ക്

**തൃശ്ശൂർ ജില്ലയിലെ പുറമ്പോക്ക് നിവാസികൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.ഡി.ദേവസ്സി | ശ്രീ. ഉമ്മൻ ചാണ്ടി (ബഹു.മുഖ്യമന്ത്രി ) |
| (എ) മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 2012 ജൂലൈ മാസത്തിൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ തൃശൂർ ജില്ലയിലെ സംയുക്ത പരിശോധന പൂർത്തിയാക്കിയ മലയോര കർഷകർക്കും, പുളിയിലപ്പാറ നിവാസികൾക്കും, മേച്ചിൽപ്പുറ നിവാസികൾക്കും മറ്റു വിവിധ പുറമ്പോക്കുകളിലെ നിവാസികൾക്കും രണ്ടുമാസത്തിനുള്ളിൽ പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കുമെന്ന് ഉറപ്പുനൽകിയിരുന്നുവെങ്കിലും, ഇനിയും പട്ടയം അനുവദിച്ചു നൽകാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) ഇതിനായി അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | (എ) & (ബി)<br>തൃശ്ശൂർ ജില്ലയിൽ 1.1.1977 ന് മുൻപ് വനഭൂമി കുടിയേറിയവർക്ക് കേരള ഭൂമി പതിവ് സ്പെഷ്യൽ റൂൾ 1993 പ്രകാരം കേന്ദ്രാനുമതി ലഭിച്ച കേസുകളിൽ നിയമാനുസൃതമുള്ള അപേക്ഷയും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കി സ്ഥലപരിശോധന നടത്തി തൃശ്ശൂർ വനഭൂമി പതിവ് യൂണിറ്റ് നമ്പർ 1 സ്പെഷ്യൽ തഹസിൽദാർ മുഖാന്തിരം പട്ടയം നൽകിയിട്ടുള്ളതാണ്. രേഖകൾ ലഭ്യമാകാത്ത കേസുകളിൽ ആയത് ലഭ്യമാക്കി പട്ടയം കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. തൃശ്ശൂർ ജില്ല, മുകുന്ദപുരം താലൂക്ക് പരിധിയിൽ വരുന്ന പെരിങ്ങൽക്കുത്ത് പ്രദേശത്തുള്ള പുളിയിലപ്പാറ നിവാസികളുടെ കൈവശമുള്ള ഭൂമിക്ക് വൈദ്യുതി-വനം വകുപ്പ് ഉദ്യോഗസ്ഥരുടെ ചർച്ചയിലെ തീരുമാനങ്ങൾക്ക് വിധേയമായി സംയുക്തപരിശോധന നടത്തി നിയമാനുസൃതം അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.<br><br>ജില്ലയിലെ വിവിധ താലൂക്കുകളിലായി കന്നുകാലി മേച്ചിൽ സ്ഥലത്ത് താമസിക്കുന്ന കൈവശക്കാരുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിനും ബന്ധപ്പെട്ട പഞ്ചായത്തുകളുടെ സമ്മതപത്രം ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത നടപടികൾ അടിയന്തിരമായി പൂർത്തീകരിച്ച് ടി ഭൂമികൾ റവന്യൂ പുറമ്പോക്കായി പുനർനിക്ഷിപ്തമാക്കുന്നതിനുള്ള പ്രൊപ്പോസലുകൾ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. മറ്റ് പുറമ്പോക്കുകളിൽ താമസിക്കുന്ന കൈവശക്കാർക്കും പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ